33670

PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

KERALA LEGISLATURE LIBRARY
Thiruvananthapuram

First Session—1959

(Second Meeting)

Monday, the 25th May 1959.

Vol. VII] OFFICIAL REPORT [No. 59

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Monday, the 25th May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ഡിസ്പെൻസറികളും ആയുർവേദ ആശുപത്രികളും.

*1543. [1] ശ്രീ. കെ. ഫസ്സൻഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട് ജില്ലയിൽ 1958-59-ൽ എത്ര ഡിസ്പെൻസറികളും ആശുപത്രികളും (അലോപ്പതിക്കു്, ആയുർവേദിക്കു്) സ്ഥാപിച്ചിട്ടുണ്ടു്;

(ബി) ഇതിൽ എത്രയെണ്ണം മലപ്പുറം നിയോജകമണ്ഡലത്തിലുണ്ടു്;

(സി) യാതൊരു വൈദ്യസഹായവും ലഭിക്കാത്ത സ്ഥലങ്ങളിൽ ഇത്തരം വൈദ്യസഹായം നൽകുന്നതിനു് ഈ സാമ്പത്തികവർഷത്തിൽ മുൻഗണന നൽകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) അലോപ്പതി രണ്ടു ഡിസ്പെൻസറികളും. ആയുർവേദം—4 ഡിസ്പെൻസറികളും.

(ബി) ഉണ്ടെന്നില്ല.

(സി) ഉണ്ടാക്കാം. ഡിസ്ട്രിക്ടറ ഡവലപ്പ്മെന്റ കൗൺസിലാണു് ഡിസ്പെൻസറികളും സ്ഥാപിക്കേണ്ട സ്ഥലം ശുപാർശ ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻകുനി : മലപ്പുറത്തെ പ്രത്യേകമായി പരിഗണിച്ച് ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലത്തു യാതൊരു ആശുപത്രിയുമില്ലെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് അവിടെയൊരു ഡിസ്പെൻസറി സ്ഥാപിക്കാൻ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുമോ ?

ഡാക്ടർ എ. ആർ. മേനോൻ : തീർച്ചയായും ശ്രദ്ധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ആശുപത്രികളും കുറവായ സ്ഥലങ്ങളിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറ് അനേക്ഷിച്ച് ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. മലപ്പുറത്തു് ഒരു ആശുപത്രി ആവശ്യമാണോ എന്ന കാര്യം ഗവണ്മെൻറ് അനേക്ഷിക്കുമോ ?

ഡാക്ടർ എ. ആർ. മേനോൻ : അനേക്ഷിക്കാം.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളക്കുടിശ്ശിക.

*1544. [2] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ശമ്പള വർദ്ധനവിൻറെ ഫലമായി പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്ക് പല വർഷങ്ങളായി ശമ്പളക്കുടിശ്ശിക, എത്ര തുക മൊത്തം കൊടുക്കാനുണ്ട്;

(ബി) കുടിശ്ശിക കിട്ടാത്തതിനെപ്പറ്റി അദ്ധ്യാപകരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ. ബി. സി.) പരിഷ്കരിച്ച ശമ്പളസ്കെയിലനുസരിച്ചുള്ള ശമ്പളം കൊടുത്തുവരുന്നു. വെയിറേജ് ഫിക്സേഷൻ കഴിഞ്ഞ് കൺട്രോളർക്ക് അയച്ചിട്ടുണ്ട്. ആ വഴിക്ക് എന്തെങ്കിലും കുടിശ്ശിക കിട്ടാനുണ്ടോ എന്നതിട്ടപ്പെടുത്തി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ശിവൻപിള്ള : ശമ്പള പരിഷ്കാരം അനുസരിച്ചുള്ള അരിയേഴ്സ് കിട്ടാനുള്ളതു കൊടുത്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശമ്പളം ഇപ്പോൾ കൊടുത്തു വരുന്നുണ്ട്. വല്ല ടെക്നിക്കൽ ഒബ്ജക്ഷനും ഉള്ളതുകൊണ്ട് കിട്ടാതുണ്ടെങ്കിൽ വേണ്ടതു ചെയ്യാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ശമ്പള പരിഷ്കാരത്തിൻറെ ഫലമായി മലബാറിലെ ഭാഷാദ്ധ്യാപകന്മാർ മുൻപു വാങ്ങിയിരുന്ന അലവൻസും മുടക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതി ലഭിച്ചിട്ടുള്ളതായി വിവരമില്ല.

ശ്രീ. കെ. സി. ഏബ്രഹാം : ശമ്പളം കുടിശ്ശിക കിട്ടാനുണ്ടെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വളരെ വേഗത്തിൽ പരിശോധിച്ച് നടപടിയെടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ തീരുമാനമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly